Volume 1, Issue 1

JUNE-SEPTEMBER 2018

# തീരസ്പന്ദനം

## കൊല്ലം തീരത്തിന്റെ ഹൃദയമിടിപ്പുകൾ

The Newsletter of Fishermen Community Development Programme (FCDP) &
Theeradesha Mahila Society (TMS), Pallithottam, Kollam. Reg Nos. Q.771/84; Q.1039/95,

## എഡിറ്റോറിയൽ

തീരദേശ ജനതയുടെ സമഗ്ര വികസനത്തിനായി സലേഷ്യൻ സഭാ സമൂഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ FCDP, TMS എന്നി രണ്ടു സംഘടനകളിലൂടെ ഏറെ ദൂരം മുന്നേറാൻ സാധിച്ചു എന്ന ചാരിതാർഥ്യത്തിൽ ഈ പ്രസ്ഥാനങ്ങളുടെ പുതിയ വാർത്താ ബുള്ളറ്റിൻ 'തീരസ്പന്ദനം" നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു. 'തീരസ്പന്ദനം' എന്ന പേര് അർത്ഥമാക്കുന്നതു പോലെ തീരദേശ ത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ഹൃദയ മിടിപ്പുകൾ ഏറ്റവും അടുത്തറിയാവുന്ന രണ്ടു സംഘടനകളാണ് FCDP-യും TMS-ഉം എന്നതിൽ തീരാത്ത അഭിമാനമുണ്ട്. 1979 മുതൽ തീര ദേശമക്കളുടെ താങ്ങും തണലുമായി പ്രവർത്തിക്കുന്ന FCDP-യുടെയും അതിന്റെ തന്നെ ഭാഗമായ TMS-ന്റെയും ഇന്നത്തെ പ്രവർത്ത ങ്ങൾ എല്ലാ അംഗങ്ങളെയും അഭ്യുദയാകാംഷികളെയും അറി യിക്കുക എന്നതാണ് ഈ ബുള്ളറ്റിന്റെ ഉദ്ദേശ്യലക്ഷ്യം. ജൂൺ മുതൽ സെപ്റ്റംബർ 2018 വരെയുള്ള പ്രവർത്തനങ്ങളാണ് ഈ ലക്കത്തിൽ ആസ്പദമാക്കിയിരിക്കുന്നത്.

'തീരസ്പന്ദനം' കൊല്ലം തീരദേശത്തിന്റെ മിടിപ്പ് അറിയാനും അറി യിക്കാനും തീരദേശത്തിന്റെയും തീര നിവാസികളുടെയും ഉന്നമന ത്തിനും സമഗ്ര വികസനത്തിനും വേദിയാകട്ടേയെന്നു പ്രാർത്ഥിക്കുന്ന തോടൊപ്പം ഈ പ്രസിദ്ധികരണം കൂടുതൽ വാർത്തകളും അറി വുകളും പകർന്നു കൊണ്ട് തീരദേശത്തിനു അഭിമാനവും ഉണർവും ആയിത്തീരട്ടേയെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

ഡയറക്ടർ, FCDP & TMS

'ഒരുമിച്ചു ചേരുകയെന്നത് ഒരു തുടക്കമാണ്. ഒരുമിച്ചു ആയിരിക്കുക എന്നത് പുരോഗതിയാണ്. ഒരുമിച്ചു പ്രയത് നിക്കുക എന്നത് വിജയമാണ്.'' (ഹെൻറി ഫോർഡ്)

ജൂൺ 2, 2018

## 'പ്രതീക്ഷ': വിദ്യാഭാസത്തിന് ഒരു കരുതൽ

തീരദേശവിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഭദ്രമാക്കുന്നതിനായി ആവിഷ്ക്കരിച്ച സംരംഭമാണ് "പ്രതീക്ഷ". 2018 ജൂൺ 2–ാം തീയതി നടന്ന ഉദ്ഘാടന ചടങ്ങിൽ തീരെ നിർദനരും, അനാലംബരുമായ




101 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ– ബുക്കുകൾ, ബാഗുകൾ, യൂണിഫോം, കുടകൾ, മഴക്കോട്ടുകൾ തുടങ്ങിയവ വിതരണം ചെയ്യുകയുണ്ടായി. മുഖ്യാതിഥി ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. അനിൽ ജോസ് ചടങ്ങ് ഉദ്




ഘാടനം ചെയ്തു. FCDP & TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, പള്ളിത്തോട്ടം കൗൺസിലർ ശ്രീമതി. വിനിത വിൻസെന്റ്, തോപ്പ് ഇടവക വികാരി റവ.ഫാ.സണ്ണി ഉപ്പൻ, FCDP ചെയർ പേഴ്സൺ ശ്രീമതി സിന്താ മെൻറ്റസ്, TMS പ്രസിഡന്റ് ശ്രീമതി. ആഗ്നസ് പി.പി മുൻ FCDP ചെയർ പേഴ്സൺ ശ്രീമതി ജെയിൻ ലോറൻസ്, റവ.സി. മേരി മാത്യു, ഡോ.തോമസ് വില്ല്യം എന്നിവർ വേദി പങ്കിട്ടു. FCDP & TMS സംഘടനകളുടെ ഭരണസമിതി അംഗങ്ങളും അഭ്യുദയാകാംഷികളും ചടങ്ങിൽ പങ്കെടുത്തു.

താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്.

- അച്ചനോ, അമ്മയോ മരണപ്പെട്ട കുട്ടികൾ
- അച്ചനോ, അമ്മയ്ക്കോ ഏതെങ്കിലും തരത്തിലുള്ള അസുഖം ഉള്ളവരുടെ മക്കൾ
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ
- ഭവനം ഇല്ലാത്തവർ

FCDP ട്യൂഷൻ സെന്റർ പുനരാരംഭിക്കുന്നതിനും, പി.എസ്.സി കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കുന്നതിനും വിദ്യാഭ്യാസ ക്ലബുകൾ തുടങ്ങുന്നതിനുമുള്ള സംഘടനകളുടെ ആദ്യത്തെ കാൽവയ്പ്പാണ് പ്രതീക്ഷയിലൂടെ ഉദ്ദേശിക്കുന്നത്. പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകിയ ശ്രീ.സാം അലക്സിനെയും, ശ്രീ.വിൽസൺ മൈലോത്തിനെയും, ഡോ.തോമസ് വില്ല്യമിനെയും നന്ദിയോടെ സ്മരിക്കുന്നു.







ജൂലൈ 28, 2018

## ദുരിതാശ്വാസ കിറ്റ് വിതരണം

കഴിഞ്ഞ ജൂലൈ മാസത്തിലുണ്ടായ ശക്തമായ കടലാക്രമണം മൂലം തീരദേശ മേഖലയിൽ പ്രത്യേകിച്ചും കാക്കത്തോപ്പ്, ഇരവിപുരം എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന പലരുടെയും ജീവിതം അത്യന്തം ക്ലേശകരമാവുകയും മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത വിധം സ്ഥിതിഗതികൾ വളരെ വഷളാവുകയും ചെയ്യുകയുണ്ടായി. ഇതിനൊരു താൽകാലിക ഇടപെടലായി ജൂലൈ 28 – ാം തിയതി TMS ഓഫിസിൽ 1 – മണിക്ക് നടന്ന ചടങ്ങിൽ 100 – ൽ പരം കുടുംബങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ – അരി 10 കിലോ, തേയില, പഞ്ചസാര, മുളകുപൊടി, മഞ്ഞൾ പൊടി, ഉപ്പ് – എന്നിവ നൽകി. FCDP & TMS ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, FCDP ചെയർപേഴ്സൺ ശ്രീമതി സിന്താ മെൻസ്, TMS പ്രസിഡന്റ് ശ്രീമതി. ആഗ്നസ് പി. പി., TMS വൈസ് പ്രസിഡന്റ് ശ്രീമതി വേറൊനിക്ക, FCDP-യുടെയും FCDP & TMS-ന്റെയും




ബോർഡ് അംഗങ്ങൾ, സ്റ്റാഫ് എന്നിവർ കിറ്റുകൾ വിതരണം ചെയ്തു. ഈ സംരംഭത്തിൽ ധനസഹായം ചെയ്തു സഹായിച്ചവർക്കും FCDP & TMS – ബോർഡ് & സ്റ്റാഫ് അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.








ആഗസ്റ്റ് 16 – 31, 2018

## പ്രളയക്കെടുതിയിൽ സഹായവുമായി FCDP & TMS

കഴിഞ്ഞ ആഗസ്റ്റ് 15 – ാം തീയതി മുതൽ കേരളത്തെ ഭീതിയിലാഴ്ത്തിയ മഹപ്രളയത്തിൽ സഹായ ഹസ്തവുമായി FCDP – യും TMS-ഉം അവസരോചിതമായി ഇടപെട്ടു. ആഗസ്റ്റ് 17 – നു എടത്വായിലും, 18 – നു മാവേലിക്കരയിൽ ഉളുന്തിയിലും, ആഗസ്റ്റ് 21 – നു ഇരവിപുരത്തും 24 – നു വണ്ടിപെരിയാറിലും അത്യാവശ്യമായ ഭക്ഷണ പദാർത്ഥങ്ങളും, തുണിയും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിച്ചു.




തുടർന്ന് "ക്ലിൻ കേരള ക്യാമ്പെയ്ൻ" എന്ന പേരിൽ കുന്നുംകരി (കുട്ടനാട്), ചെറിയാനാട് (ചെങ്ങന്നൂർ), എടത്വാ (കുട്ടനാട്) എന്നീ സ്ഥലങ്ങളിൽ ശുചികരണ പ്രവർത്തനങ്ങളിൽ സഹായിച്ചു. റേഷൻ കട, സ്കൂളിന്റെയും ആശുപത്രിയുടെയും കിണറുകൾ തുടങ്ങി നാൽപ്പതിൽ പരം വീടുകൾ എന്നിവ വൃത്തിയാക്കുകയും, കിണറുകൾ വറ്റിച്ചു കൊടുക്കുകയും ചെയ്തു.

കൈനകിരി, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിലായി 67 കുടുംബങ്ങൾക്ക് മിക്സി, പ്രഷർകുക്കർ, മെത്ത, തലയിണ, എന്നിങ്ങനെയുള്ള വീട്ടുപകരണങ്ങളും നൽകി. ഇതുവരെ പന്ത്രണ്ടു ലക്ഷത്തോളം രൂപയുടെ സഹായങ്ങൾ നൽകുവാൻ സാധിച്ചതിനു ദൈവത്തിനു മഹത്വം. കേരളത്തിന്റെ പുനർനിർമാണത്തിന്റെ ഭാഗമായ പ്രവർത്തങ്ങളിൽ FCDP തുടർന്നും പ്രവർത്തിച്ചു വരുന്നു.




ശുചികരണ പ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കെടുത്ത എല്ലാ സുമനസ്സുകൾക്കും പ്രത്യേകിച്ചു ശ്രീ ആൻസൽ റെയ്മണ്ടിനും, ഫാ. സണ്ണി, ഡോൺ ബോസ്കോ യൂത്ത്, തോപ്പ് ഇടവകാംഗങ്ങൾ, FCDP-യുടെയും TMS-ന്റെയും അംഗങ്ങൾ, ബോർഡ് & സ്റ്റാഫ് എന്നിവർക്കും, പണവും വസ്തുക്കളും പ്രോത്സാഹനവും നൽകി സഹായിച്ച എല്ലാവർക്കും ഡോൺ ബോസ്കോയുടെ നേതൃത്വത്തിലുള്ള BREADS ബാംഗ്ലൂരിനും പ്രേത്യേകം നന്ദി രേഖപ്പെടുത്തുന്നു.

# പ്രളയക്കെടുതിയിൽ സഹായവുമായി FCDP & TMS


































സെപ്റ്റംബർ 2, 2018

## പ്രളയക്കെടുതിയിൽ രക്ഷകരായ FCDP & TMS കുടുംബത്തിലെ അംഗങ്ങൾക്ക് ആദരം

കേരളത്തിൽ ഉണ്ടായ പ്രളയക്കെടുതിയിൽ രക്ഷകരായി മാറിയ തീരദേശത്തെ ധീരരായ മൽസ്യത്തൊഴിലാളികളെ അനുമോദിക്കുന്നതിനും ആദരിക്കുന്നതിനുമായി സെപ്റ്റംബർ മാസം 2–ന് ഞായറാഴ്ച വൈകുന്നേരം 3–മണിക്ക് FCDP ഹാളിൽ വച്ചു യോഗം നടത്തി. FCDP ചെയർ പേഴ്സൺ ഡോ. സിന്ധ്യാ മെന്റസ്സിന്റെ അധ്യക്ഷ്യതയിൽ ചേർന്ന യോഗത്തിൽ ആദരണീയനായ കൊല്ലം മേയർ അഡ്വ. രാജേന്ദ്രബാബു മുഖ്യ അഥിതി ആയിരുന്നു. യോഗത്തിൽ FCDP ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യൻ, തോപ്പ് ഇടവക വികാരി ഫാ. സണ്ണി ഉപ്പൻ, പള്ളിത്തോട്ടം കൗൺസിലർ അഡ്വ. വിനീത വിൻസെന്റ് എന്നിവർ അനുമോദിക്കുകയും TMS പ്രസിഡന്റ് ശ്രീമതി ആഗ്നസ് ജോൺ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.



ദുരന്തമുഖത്തെ വിവിധ ദൃശ്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വീഡിയോ അവതരണവും മൽസ്യത്തൊഴിലാളി സഹോദരങ്ങളുടെ അനുഭവം പങ്കുവെയ്ക്കലും യോഗത്തിനു ചാരുത പകർന്നു. മൽസ്യത്തൊഴിലാളി സഹോദരങ്ങൾക്ക് പ്രശംസാഫലകവും പാരിതോഷികവും നൽകി ആദരിച്ചു. ദുരന്തമുഖത്ത് മൽസ്യത്തൊഴിലാളി സഹോദരങ്ങൾ ചെയ്ത സേവനങ്ങൾ ഏറെ പ്രശംസനീയമാണെന്ന് മേയർ ആവർത്തിച്ചു പറഞ്ഞു.













സെപ്റ്റംബർ 5, 2018

## FCDP & TMS സ്വാശ്രയ സംഘ വിപണന കേന്ദ്ര ഉദ്ഘാടനം



ഹെൽത്തി ഫുഡ് & ഹോം കെയർ പ്രൊഡക്ട്സ് എന്ന പേരിൽ FCDP–യുടെയും TMS-ന്റെയും നേതൃത്വത്തിലുള്ള സ്വാശ്രയ സംഘത്തിന്റെ വിപണന ശാല സെപ്റ്റംബർ 5 രാവിലെ 11 മണിക്ക് സെന്റ് സ്റ്റീഫൻ പള്ളി വികാരി റെവ. ഫാ. സണ്ണി ഉപ്പൻ SDB ഉദ്ഘാടനം ചെയ്തു. പള്ളി വക ബിൽഡിംഗിൽ ആരംഭിച്ച ഔട്ട്ലെറ്റിൽ കറി മസാലകൾ, ഹോം കെയർ ഉത്പന്നങ്ങൾ, ശുദ്ധമായ കാട്ടുതേൻ, ഗുണമേന്മയേറിയ തേയില, കാപ്പിപ്പൊടി, ഏലക്ക, ലേഡീസ് തുണിത്തരങ്ങൾ എന്നിവ ലഭ്യമാണ്.






മേന്മയേറിയതും മായം കലരാത്തതുമായ സാധനങ്ങൾ ലഭ്യമാക്കുക വഴി ഇതൊരു പുതിയ തുടക്കത്തിന്റെ ഭാഗമാവട്ടെ എന്ന് ഉദ്ഘാടനം ചെയ്തു കൊണ്ട് റെവ. ഫാ. സണ്ണി കൂട്ടിച്ചേർത്തു. FCDP ഡയറക്ടർ ഫാ. ജോബി, FCDP ചെയർമാൻ ഡോ സിന്ധ്യാ മെന്റസ്, TMS പ്രസിഡന്റ് ശ്രീമതി ആഗ്നസ്, ബോർഡ് അംഗങ്ങൾ, പ്രവർത്തകർ, അംഗങ്ങൾ, അഭ്യുദയകാംഷികൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## "വിശപ്പിനു വിട" ഒന്നര വർഷം പിന്നിടുന്നു.



കൊല്ലം തീരദേശത്തെ അശരണരും നിർധനരുമായ 100 മാതാപിതാക്കൾക്ക് പ്രതിദിനം ഭക്ഷണവും നഴ്സിംഗ് പരിചരണവും എത്തിക്കുന്ന 'വിശപ്പിനു വിട' എന്ന സംരംഭം 2018 ഒക്ടോബർ 1-നു ഒന്നര വർഷം പിന്നിട്ടു. 2017 ഏപ്രിൽ 1-നു ആരംഭിച്ച ഈ സംരംഭത്തിലൂടെ നാളിതുവരെ ഒരു ദിവസവും മുടക്കം കൂടാതെ ഓരോ ഗുണഭോക്താവിന്റെ വീട്ടിലും ഭക്ഷണപ്പൊതി എത്തിക്കുവാൻ സാധിച്ചു എന്നത് ദൈവത്തിന്റെ നിയോഗമായി കരുതുന്നു.

2018 സെപ്റ്റംബർ 31-വരെ 'വിശപ്പിനുവിട'യുടെ ഭാഗമായി അരലക്ഷത്തിലേറെ (54600) ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു കഴിഞ്ഞത് നമ്മളെ സംബന്ധിച്ചിടത്തോളം ഒരു വലിയ സന്തോഷത്തിന്റെ നിമിഷമാണ്. 'വിശപ്പിനുവിട'യുടെ ഭാഗമായി ചികിത്സാ സഹായവും, സ്നേഹ സാന്ത്വനവും എത്തിക്കാൻ സാധിക്കുന്നു.




വള്ളക്കടവ് ഫ്ളാറ്റ്, ഇരവിപുരം, സ്നേഹതീരം ഫ്ളാറ്റ്, ഇരവിപുരം കച്ചിക്കടവ്, കാക്കത്തോപ്പ്, സേനഹക്കുന്ന്, പള്ളിത്തോട്ടം, പോർട്ട് കൊല്ലം, ക്യൂ.എസ്.എസ്.കോളനി, തില്ലേരി, വാടി, തങ്കശ്ശേരി, മൂതാക്കര, കപ്പലണ്ടിമുക്ക് എന്നിവിടങ്ങളിൽ നൂറ് പേർക്ക് ഭക്ഷണവും സഹായവും വിശപ്പിനു വിടയ്ക്കു വേണ്ടി പ്രത്യേകം സജ്ജീകരിച്ച ഓട്ടോറിക്ഷയിലാണ് എത്തിക്കുന്നത്. ഇതിനുവേണ്ട സഹായസഹകരണങ്ങൾ നൽകുന്ന വോളണ്ടിയർമാർ പ്രത്യേകം നന്ദി അർഹിക്കുന്നു.










'വിശപ്പിനു വിട'യുടെ വിജയത്തിനു വേണ്ടി സാമ്പത്തികമായും, സാധനങ്ങളായും സഹായിക്കുന്ന വിശപ്പിനു വിടയുടെ വലിയ കൂട്ടായ്മയ്ക്ക് നന്ദി. വിശപ്പിനു വിടയുടെ സ്റ്റാഫ് അംഗങ്ങളെയും FCDP-യുടെയും TMS-ന്റെയും പ്രവർത്തകരെയും ബോർഡ് അംഗങ്ങളെയും 'വിശപ്പിനു വിട' കമ്മിറ്റിയെയും ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു.

ഇന്ന് വിശപ്പിനു വിട സംരഭത്തിന്റെ ഭാഗമായി പ്രായമായവരും അവശരും അശരണരുമായ നിർധനരെ പ്രോത്സാഹിപ്പിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്ന നിങ്ങളേവർക്കും നന്ദിയും അഭിനന്ദനങ്ങളും വൃദ്ധമാതാപിതാക്കളെ പരിചരിക്കുന്നതിൽ വൈമുഖ്യം കാണിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് വഴികാട്ടിയായി അവർക്ക് ആഹാരവും മരുന്നും നേഴ്സിംഗ് പരിചരണവും നൽകാനുള്ള സന്മനസ്സ് വളർത്തിയെടുക്കുന്നതിനും, ബോധവത്കരണത്തിലൂടെയും ക്രിയാത്മക പ്രവർത്തനങ്ങളിലൂടെയും മുന്നോട്ടുപോകുവാൻ വിശപ്പിനു വിടയ്ക്കു സാധിക്കട്ടെയെന്നു പ്രത്യാശിക്കുന്നു.



## FCDP-TMS –ന്റെ പ്രവർത്തനങ്ങളിലേക്കു ഒരു തിരിഞ്ഞു നോട്ടം

ലഘുനിക്ഷേപ–വായ്പാപദ്ധതി

### എന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകിയ FCDP!

വളരെയധികം കഷ്ടപ്പാടുകളും, ബുദ്ധിമുട്ടുകളും അനുഭവിച്ചാണ് ഗോപാലകൃഷ്ണനും കുടുംബവും ജീവിച്ചിരുന്നത്. അഷ്ടമുടിയിലെ ഒരു വാടക വീട്ടിൽ തുടങ്ങി ഇന്ന് സ്വന്തമായൊരു ഭവനം അഷ്ടമുടിയിൽ തന്നെ പണിയുവാൻ കഴിഞ്ഞു എങ്കിൽ അത് FCDP സംഘടനയിലൂടെ തന്നെയാണെന്ന് അദ്ദേഹം പറയുന്നു.



തന്റെ ഒന്നുമില്ലായ്മയിലും തളരാതെ പള്ളിത്തോട്ടം പോസ്റ്റ് ഓഫീസിനു സമീപം ഒരു ഒറ്റമുറി കട സ്വന്തമായെടുത്തു ടയർ വർക്ക് ഷോപ്പ് ആരംഭിച്ചു. വളരെ ചെറിയ തരത്തിലുള്ള പഞ്ചർ ജോലികളായിരുന്നു ആദ്യകാലങ്ങളിൽ ചെയ്തിരുന്നത്. അതിനു ശേഷം സംഘടനയെക്കുറിച്ചു അറിഞ്ഞ അദ്ദേഹം തന്റെ സമ്പാദ്യത്തിൽ നിന്നും ഒരു ഭാഗം FCDP യിൽ നിക്ഷേപിച്ചു ചെറിയ ചെറിയ ലോണുകൾ എടുത്ത് സാവകാശം തന്റെ കട വിപുലീകരിക്കുകയായിരുന്നു.



കട വലുതായതോടെ ജോലികളും വലുതായി. ടയർ എടുക്കുന്നതിനായി പിന്നീടുള്ള ലോണുകളെ അദ്ദേഹം ആശ്രയിച്ചു. അതിൽ നിന്നുള്ള വരുമാനത്തിലൂടെയും FCDP-യിലെ ലോണുകളുടെ സഹായത്തോടെയും സ്വന്തമായി ഒരു ഭവനം നിർമ്മിക്കുകയും മക്കളുടെ വിദ്യാഭാസത്തിന് ഉപയോഗിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകൾ ഇപ്പോൾ ഡിഗ്രി ചെയ്യുന്നു. മകൻ എട്ടിലും പഠിക്കുന്നു. ഇന്ന് അദ്ദേഹത്തിന്റെ കീഴിൽ 4 പേർ ജോലി ചെയ്യുന്നു. 'ശമ്പളം വാങ്ങികൊണ്ടിരുന്ന എനിക്ക് ഇന്ന് ശമ്പളം മറ്റുള്ളവർക്ക് കൊടുക്കുന്ന തരത്തിലുള്ള വളർച്ച ഉണ്ടായെങ്കിൽ അത് FCDP-യിലൂടെ തന്നെയാണെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

സമഗ്ര വികസനം

### തീരദേശത്തെ ആദ്യത്തെ ശുചിമുറി



തീരദേശത്തെ ജനങ്ങൾക്ക് FCDP നൽകിയ സംഭാവനകളെക്കുറിച്ചു ശ്രീമതി തങ്കമ്മ ജൂസാപ്പിള്ള പങ്കുവച്ചു. ഇന്ന് 80 വയസ്സുള്ള തങ്കമ്മ ജൂസാപ്പിള്ള FCDP–യിൽ അംഗമായത് തന്റെ ഇരുപത്തഞ്ചാമത്തെ വയസ്സിലാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വളർച്ചയ്ക്കും, നേട്ടങ്ങൾക്കും ഊന്നൽ നൽകിയ FCDP സംഘടന തീരദേശത്തു നിലനില്കുന്നതിനായി സമരങ്ങളിൽ പങ്കെടുക്കുകയും ജയിലിൽ വരെ പോകേണ്ടി വന്നവരിൽ ഒരാളാണ് താനെന്നു വളരെ അഭിമാനത്തോടെ തങ്കമ്മ അമ്മച്ചി പറഞ്ഞു.

തീപിടുത്തം മൂലം വീടുകൾ നഷ്ടപ്പെട്ട തീരദേശ വാസികൾക്ക് ഗവൺമെന്റ് വകയിൽ കോളനി വീടുകൾ നിർമ്മിച്ചു കൊടുത്തു. എന്നാൽ ഏറ്റവും അത്യാവശ്യമായ ശുചിമുറികൾ ഇല്ലായിരുന്നു. തീരദേശ ജനതയുടെ ഈ ദുരവസ്ഥ മനസിലാക്കിയ FCDP സംഘടന അവരെ സഹായിക്കാൻ മുന്നോട്ടു വന്നു. ആയിരം രൂപ മുടക്കിയാൽ ഓരോ വീടുകളിലും കെട്ടിത്തരാമെന്നു FCDP അറിയിച്ചതിനെ തുടർന്ന് തങ്കമ്മ ജൂസാപ്പിള്ള തുക FCDP –യ്ക്കു കൈമാറി. കോൺട്രാക്ടർ ആൻസലിന്റെ നേതൃത്വത്തിലാണ് ശുചിമുറികൾ പണിതത്. ആദ്യമായി ശുചിമുറി പണിതുകൊടുത്തത് തങ്കമ്മ അമ്മച്ചിക്കായിരുന്നു.

പെണ്മക്കൾ ഉള്ള വീടുകളിൽ അന്ന് ശുചിമുറികൾ കെട്ടി തന്നത് ഒരു വീട് വയ്ക്കുന്നതിന് തുല്യമായിരുന്നു എന്നാണ് തങ്കമ്മ ജൂസാപ്പിള്ള പറയുന്നത്. വളരെ ബുദ്ധിമുട്ടിയാണ് അന്ന് പെൺകുട്ടികൾ കഴിഞ്ഞിരുന്നത്. പകൽ മാറി രാത്രിയാകുന്നത് വരെ അവർ കാത്തിരുന്നിരുന്നു. ശുചിമുറികൾ പണിതതിൽ വലിയൊരു സഹായം തന്നെയാണ് FCDP അന്ന് ചെയ്തതെന്നാണ് തങ്കമ്മ അമ്മച്ചിയുടെ അഭിപ്രായം.

## പുതിയ സംരംഭങ്ങൾ

### സ്ത്രീ സമത്വം (WEP): 'അവനു മാത്രമല്ല അവൾക്കും ആകാം'

സ്ത്രീപുരുഷ സമത്വമില്ലായമ, സ്ത്രീകളുടെ സമഗ്രമായ വളർച്ചയ്ക്ക് ഒരു തടസ്സമാണ്. സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തു പോലും സ്ത്രീകൾ പല തരത്തിൽ അവഗണിക്കപ്പെടുകയും പീഡനത്തിന് ഇരയാകുകയും ചെയ്യുന്നു.



ഈ സാഹചര്യത്തിൽ സ്ത്രീകളുടെ സുരക്ഷിതത്വത്തിലും വികസനത്തിലും സ്ത്രീ സമത്വം ഉറപ്പാക്കാൻ വേണ്ടി FCDP-TMS സ്ത്രീ ശാക്തീകരണത്തിന്റെ ഒരു പദ്ധതി ജൂൺ മാസം മുതൽ ആരംഭിച്ച വിവരം സന്തോഷപൂർവം അറിയിക്കുന്നു.



ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്ന ഉദ്ദേശ്യങ്ങൾ താഴെ കൊടുക്കുന്നു.

1. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക
2. സ്ത്രീകളുടെ വളർച്ചയും സുരക്ഷിതത്വവും ഉറപ്പാക്കുക.
3. നിയമപരമായ അവകാശങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുക
4. യുവജനങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ശരിയായ അറിവ് ഉണ്ടാക്കുകയും പരിഹാര മാർഗ്ഗങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
5. സ്ത്രീ ശാക്തീകരണം വഴി സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ചെറുക്കാൻ അവരെ പ്രാപ്തരാക്കുക.

## മൈഗ്രന്റ് ഡെസ്ക് പ്രൊജക്റ്റ് ഇൻ കേരള

kismat
Kerala Interstate Migrants
Alliance for Transformation

ഡോൺ ബോസ്കോ വീട്, തിരുവനന്തപുരത്തിന്റെ നേതൃത്വത്തിൽ 2018 ആഗസ്റ്റ് 1 ന് ആരംഭിച്ച പുതിയ പദ്ധതിയാണ് 'മൈഗ്രന്റ് ഡെസ്ക് പ്രൊജക്റ്റ് ഇൻ കേരള'. വിവിധ തരത്തിലുള്ള ജോലികൾക്കായി കേരളത്തിൽ എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ, അവരുടെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനും, അവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകാനുമുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളെ വിജയിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.



ആഗസ്റ്റ് 1–ാം തീയതി ജയപ്രകാശ് പി. ആർ., കൊല്ലം മൈഗ്രന്റ് ഡെസ്കിന്റെ കോഡിനേറ്ററായി FCDP–യിൽ ചാർജ്ജ് എടുത്തു. ഇതിന്റെ ഭാഗമായി ലേബർ ഓഫീസറിന്റെ സഹായത്തോടെ അന്യ സംസ്ഥാന ജോലികാർക്ക് "ആവാസ് ഇൻഷുറൻസ് കാർഡ്" വിതരണം ചെയ്യുകയും ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു. ശമ്പളം ലഭിക്കാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിയമനിർദേശങ്ങൾ നൽകുന്നു. കൂടാതെകോൺട്രാക്ടർന്മാരും, ഗവൺമെന്റ് ഉദ്യോഗസ്ഥരേയും ഒരുമിച്ചുക്കൂട്ടി സൗഹൃദ ക്കൂട്ടായ്മയും നടത്തുന്നു. ഇതിലൂടെ അന്യസംസ്ഥാന തൊഴിലാളികൾക്ക് സമാധാനപരമായ ജീവിതം നയിക്കുവാനും കേരളത്തിന്റെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി പ്രയ്തനിക്കുവാനും സാധിക്കുന്നു.

# കടലോളം സ്നേഹം



(ഡോൺ ബോസ്കോ സെക്ഷനിലെ (TMS) **സോനു സോളമൻ** (Class-9) പ്രളയ ദുരന്തത്തെയും മത്സ്യതൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തെയും പ്രമേയമാക്കി എഴുതിയ കവിത).

ഒരു രാവിൽ ഭൂമി പുഴയായ് പുലർന്നു
ചിതറുന്നു മർത്യനും പല ദിക്കിലായ്
മരണം മുഖാമുഖം കാണുന്ന മാത്രയിൽ
അറിയാതെ മക്കളെ കൈവിട്ടുപോയ്.

ഉടുതുണി മാത്രമായ്, കരയിലേക്കെത്തിയ
മർത്യന്റെ നെഞ്ചകം നീറിടുന്നു
ജന്മം തന്നവർ, ജന്മ കൊടുത്തവർ
എവിടെയെന്നറിയാതെ നരൻ തേങ്ങി

കുത്തിയൊഴുകും പുഴയുടെ പാച്ചിലിൽ
ഉയരുന്നു മർത്യന്റെ നിലവിളിയും
പ്രാണന് വേണ്ടി കേഴുന്ന വേളയിൽ
ഉയരുന്നു പ്രളയത്തിൽ, താണകൈകൾ

ആരും വിളിക്കാതെ ഓടിയെത്തുയാധീരരാം
കടലിന്റെ മക്കളെ നമിച്ചിടേണം
നന്മ നിറഞ്ഞൊരാകരുത്തരാം പുത്രന്മാർ–
മെനഞ്ഞു സ്വശരീരം ചവിട്ടുപടിയായ് !

തള്ളികളഞ്ഞ കടലിന്റെ മക്കളെ
നിങ്ങൾക്കിത്രയും നന്മയുണ്ടായിരുന്നോ?
ഇതുവരെ കാണാത്ത, ഇതുവരെ അറിയാത്ത–
മർത്യനായ്, ആഴിതൻ മക്കൾ പൊരുതിനിന്നു

രാത്രിതൻ യാമത്തിൽ ഉറ്റവർക്കായ്, ആഴിതൻ
യോദ്ധാക്കളായ് നിങ്ങൾ പൊരുതീടുന്നു
ആഴിയെ സ്നേഹിച്ചു, പൊരുതി ജീവിക്കും
നിങ്ങളെ ഞങ്ങൾ നമിച്ചീടുന്നു.



# ബോർഡ് & സ്റ്റാഫ് : FCDP & TMS 2018

## ബോർഡ് അംഗങ്ങൾ : FCDP 2018-2020

| | | |
|---|---|---|
| 1. | ഫാ. ജോബി സെബാസ്റ്റ്യൻ SDB | ഡയറക്ടർ |
| 2. | ഡോ. സിന്ധാ മെൻഡസ് | പ്രസിഡന്റ് |
| 3. | ആന്റണി കുരിശയ്യ | വൈസ് പ്രസിഡന്റ് |
| 4. | ജെർലിൻ ജെറോം | ട്രഷറർ |
| 5. | മിൽട്ടൺ സ്റ്റീഫൻ | ബോർഡ് മെംബർ/സെക്രട്ടറി |
| 6. | ഫാ. സണ്ണി ഉപ്പൻ SDB | ബോർഡ് മെംബർ |
| 7. | സി. മേരി മാത്യു FMA | ബോർഡ് മെംബർ |
| 8. | ആഗ്നസ് പി.പി. | ബോർഡ് മെംബർ |
| 9. | ചന്ദ്ര എസ് | ബോർഡ് മെംബർ |
| 10. | ഡോ. തോമസ് വില്യം | ബോർഡ് മെംബർ |
| 11. | വിൻസെന്റ് ജി. | ബോർഡ് മെംബർ |
| 12. | ആംബ്രോസ് മാർട്ടിൻ | ബോർഡ് മെംബർ |
| 13. | ക്ലീറ്റസ് ആൽബർട്ട് | ബോർഡ് മെംബർ |
| 14. | റയ്നോൾഡ് ജോൺ (ജെറാൾഡ്) | ബോർഡ് മെംബർ |

## ബോർഡ് അംഗങ്ങൾ : TMS 2018-2020

| | | |
|---|---|---|
| 1. | ഫാ. ജോബി സെബാസ്റ്റ്യൻ SDB | ഡയറക്ടർ |
| 2. | ആഗ്നസ് പി. പി | പ്രസിഡന്റ് |
| 3. | വെറോനിക്ക ആന്റണി | വൈസ് പ്രസിഡന്റ് |
| 4. | യൂഫ്രേസിയ ജോസഫ് | ട്രഷറർ |
| 5. | സി. സിസിലി പോൾ | കോ – ഓർഡിനേറ്റർ |
| 6. | ഡോ. സിന്ധാ മെൻഡസ് | ബോർഡ് മെംബർ |
| 7. | സുജാത ജോക്കബ് | ബോർഡ് മെംബർ |
| 8. | ബീനാ ഡയനേഷ്യസ് | ബോർഡ് മെംബർ |
| 9. | ഡോളി ഹെൻറി | ബോർഡ് മെംബർ |
| 10. | ഗീതാ യേസുദാസ് | ബോർഡ് മെംബർ |
| 11. | ഗ്രേസ് വിനു | ബോർഡ് മെംബർ |
| 12. | റാണി ക്ലീറ്റസ് | ബോർഡ് മെംബർ |
| 13. | ലിസ്സി ആൻഡ്ര്യൂ | ബോർഡ് മെംബർ |
| 14. | സിന്ധു വിജയൻ | ബോർഡ് മെംബർ |
| 15. | ബിയാട്രിസ് തോമസ് | ബോർഡ് മെംബർ |

## സ്റ്റാഫ് അംഗങ്ങൾ : FCDP

| | | |
|---|---|---|
| 1. | ഗ്രെറ്റ രാജു | കോ – ഓർഡിനേറ്റർ |
| 2. | ബിന്ദു ഹാരിസൺ | കാഷ്യർ |
| 3. | ഷീല സൈമൺ | സെക്ഷൻ ആനിമേറ്റർ |
| 4. | ഉഷാ ബിജു | സെക്ഷൻ ആനിമേറ്റർ |
| 5. | മിനി പ്ലാസിഡ് | സെക്ഷൻ ആനിമേറ്റർ |
| 6. | തങ്കച്ചൻ ജോസഫ് | സെക്ഷൻ ആനിമേറ്റർ |
| 7. | മേരി ബിന്ദു | SHG |
| 8. | രേഷ്മ ജി. | SHG |
| 9. | അനൂപ് രാജ് | കോ – ഓർഡിനേറ്റർ, WEP |
| 10. | ജയപ്രകാശ് പി. ആർ. | കോ – ഓർഡിനേറ്റർ, Migrant Desk |

## സ്റ്റാഫ് അംഗങ്ങൾ : TMS

| | | |
|---|---|---|
| 1. | സി. സിസിലി പോൾ | കോ – ഓർഡിനേറ്റർ |
| 2. | മിനി മേരി ജെറാൾഡ് | അക്കൗണ്ടന്റ് |
| 3. | പ്രിൻസി എഡിസൺ | കാഷ്യർ |
| 4. | സെലിൻ സേവ്യർ | ഓർഗനൈസർ |
| 5. | മേബിൾ സേവ്യർ | സെക്ഷൻ ആനിമേറ്റർ |
| 6. | സിന്ധി ബിനു | സെക്ഷൻ ആനിമേറ്റർ |
| 7. | സോഫിയാ ജോൺസൺ | സെക്ഷൻ ആനിമേറ്റർ |
| 8. | റൂബി ജെസ്റ്റിൻ | സെക്ഷൻ ആനിമേറ്റർ |
| 9. | റിനി ജോൺസൺ | സെക്ഷൻ ആനിമേറ്റർ |
| 10. | ടിന്റു ജോൺസൺ | സെക്ഷൻ ആനിമേറ്റർ |
| 11. | സിനി ക്രിസ്റ്റഫർ | സെക്ഷൻ ആനിമേറ്റർ |
| 12. | സബീന മിൽട്ടൺ | സെക്ഷൻ ആനിമേറ്റർ |




**FISHERMEN COMMUNITY DEVELOPMENT PROGRAMME (FCDP) THEERADESA MAHILA SOCIETY (TMS)**

(Reg.No.Q.1039/95), (Reg.No.Q.771/84), Canal Road, Pallithottam P.O. Kollam - 691006

0474-2750650, 91-73560-78920, 9846950916 (Director)

fcdpkollam@gmail.com,tmsfcdpkollam@gmail.com

fcdpkollam, Website: www.fcdpindia.org